# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 88

08/06/2015 ൽ മറുപടിക്ക്

### ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനം

**ചോദ്യം :**

ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
ശ്രീ. റോഷി അഗസ്റ്റിൻ

**ഉത്തരം :**

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) നിലവിലുള്ള ലാസ്റ്റ്ഗ്രേഡ് തസ്തികയിലെ റാങ്ക്ലിസ്റ്റ് നിലവിൽ വന്നത് എന്നുമുതലാണ് ;

(എ) 29.06.2012 മുതൽ നിലവിൽ വന്നു.

(ബി) ടി ലിസ്റ്റിൽ നിന്നും നിയമനം നടത്തി തുടങ്ങിയത് എപ്പോൾ മുതൽ എന്ന് വ്യക്തമാക്കുമോ;

(ബി)

| | |
|---|---|
| തിരുവനന്തപുരം | - 30.11.12 |
| കൊല്ലം | - 15.10.12 |
| പത്തനംതിട്ട | - 15.09.12 |
| ആലപ്പുഴ | - 22.11.12 |
| കോട്ടയം | - 16.10.12 |
| ഇടുക്കി | - 08.10.12 |
| എറണാകുളം | - 15.10.12 |
| തൃശൂർ | - 16.11.12 |
| പാലക്കാട് | - 05.09.12 |
| മലപ്പുറം | - 27.08.12 |
| വയനാട് | - 07.09.12 |
| കോഴിക്കോട് | - 12.11.12 |
| കണ്ണൂർ | - 20.11.12 |
| കാസറഗോഡ് | - 24.08.12 |

(സി) ലാസ്റ്റ് ഗ്രേഡ് തസ്തികയിലേയ്ക്ക് നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 2015 ജൂലൈ മാസം വരെയുള്ള ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി പി. എസ്. സി ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

| | |
|---|---|
| (ഡി) ലാസ്റ്റ്ഗ്രേഡ് തസ്തികയിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന ഉദ്യോഗാർത്ഥികളുടെ നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ അനുകൂല നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ ? | (ഡി) ഉണ്ട്. 31.03.2015 - ൽ നിലവിലുള്ളതും 29.09.2015 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക്‌ലിസ്റ്റുകളുടെയും കാലാവധി സർക്കാർ ശിപാർശ പ്രകാരം പി.എസ്.സി ചില വ്യവസ്ഥകൾക്ക് വിധേയമായി 30.09.2015 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ